# പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 505

01.12.2015-ൽ മറുപടിക്ക്

## ആലില പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.റോഷി അഗസ്റ്റിൻ<br>ശ്രീ.എം.വി.ശ്രേയാംസ് കുമാർ<br>ഡോ.എൻ. ജയരാജ് : | ശ്രീ. സി.എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാന സഹകരണവകുപ്പ് നടപ്പാക്കുന്ന ആലില പദ്ധതിയുടെ വിശദാംശങ്ങൾ നല്കുമോ ; | (എ) സംസ്ഥാന സർക്കാരിന്റെ പരിസ്ഥിതി പരിപാലന പദ്ധതിക്ക് പിന്തുണ നല്കിക്കൊണ്ട് ഭൂമിയുടെ നല്ല നാളേയ്ക്കായി 5 ലക്ഷം വൃക്ഷതൈകൾ നട്ടുവളർത്തുക എന്നതാണ് ആലില പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. സഹകരണസംഘങ്ങൾ മുഖേനയാണ് ടി പദ്ധതി നടപ്പിലാക്കുന്നത്. 2014 ഒക്ടോബർ 2-ാം തീയതി ആരംഭിച്ച ടി പദ്ധതി 2015 ഡിസംബർ 31 വരെ ദീർഘിപ്പിച്ച് നടപ്പിലാക്കിവരുന്നു. ഈ പദ്ധതിയുടെ നടത്തിപ്പിനായി എല്ലാ സഹകരണ സ്ഥാപനങ്ങളും തങ്ങളുടെ അധീനതയിലും, ബന്ധപ്പെട്ട അധികൃതരുടെ അനുമതിയോടെ പൊതുസ്ഥലത്തും, വൃക്ഷത്തൈകൾ നട്ടുവരുന്നു. വനം, കൃഷി വകുപ്പുകൾ, സർക്കാർ നിയന്ത്രണത്തിലുള്ള ഫാമുകൾ, കാർഷിക സർവ്വകലാശാലയുടെ നിയന്ത്രണത്തിലുള്ള ഫാമുകൾ എന്നിവിടങ്ങളിൽ നിന്നും വൃക്ഷതൈകൾ സൗജന്യമായി ലഭ്യമാക്കി സംഘങ്ങൾ വഴി വിതരണം ചെയ്തുവരുന്നു. |

അതോടൊപ്പം വൃക്ഷങ്ങളുടെ പ്രാധാന്യവും വൃക്ഷതൈകൾ നട്ടുവളർത്തേണ്ടതിന്റെ ആവശ്യകതയും സംബന്ധിച്ച് പൊതുജനങ്ങൾക്ക് അവബോധമുണ്ടാക്കുന്നതിനായി ചർച്ചാക്ലാസ്സുകൾ, സെമിനാറുകൾ എന്നിവ സംഘടിപ്പിച്ചു വരുന്നു. പരിസ്ഥിതി സംരക്ഷണവുമായി ബന്ധപ്പെട്ട് വിദ്യാർത്ഥികൾക്കും, ജീവനക്കാർക്കും പ്രസംഗം, ഉപന്യാസം, ക്വിസ് മത്സരങ്ങൾ എന്നിവയും സംഘടിപ്പിച്ചിട്ടുണ്ട്. ഏറ്റവും നന്നായി മരം പരിപാലിക്കുന്ന സ്കൂൾ വിദ്യാർത്ഥികൾ, വ്യക്തികൾ, സഹകരണ സ്ഥാപനങ്ങൾ എന്നിവർക്ക് പ്രശംസാപത്രങ്ങളും, അവാർഡും നൽകി വരുന്നു. പദ്ധതിയുടെ ഏകോപനവും അവലോകനവും ജില്ലാതലത്തിൽ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർമാർ നടത്തി വരുന്നു.

(ബി) പരിസ്ഥിതി സംരക്ഷണത്തിനും ജൈവകൃഷി വ്യാപനത്തിനും ഈ പദ്ധതി എത്രമാത്രം പ്രയോജന കരമാണെന്ന് വിലയിരുത്തിയി ട്ടുണ്ടോ ;

(ബി) വിലയിരുത്തിയിട്ടുണ്ട്.

(സി) ജൈവകൃഷി പ്രോത്സാഹനത്തിന് സഹകരണബാങ്കുകൾ മുഖേന പ്രത്യേക പാക്കേജുകൾ ലക്ഷ്യ മിടുന്നുണ്ടോ?

(സി) ഉണ്ട്. ഓരോ സഹകരണ സംഘത്തിനും, തങ്ങളുടെ പ്രവർത്തനപരിധിയിൽ വീട് വീടാന്തരം സർവ്വേ നടത്തി ഓരോ വീടിനും, സ്ഥാപനങ്ങൾക്കും പച്ചക്കറി കൃഷിക്കുള്ള സാദ്ധ്യത പരിശോധിച്ച് ആയതിനുള്ള സാമ്പത്തിക/ഭൗതിക സാഹചര്യങ്ങൾക്കായി ആവശ്യത്തിനനുസരിച്ച് കൃഷി വായ്പ നൽകുന്നതിന് നടപടി

-2-